**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 81** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണ ഇരകൾക്കുള്ള ധനസഹായം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. സി. കെ. കാസിം

ശ്രീ. പി. കെ. നവാസ്

ശ്രീ. ടി. പി. അഷ്റഫലി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും സാരമായി പരിക്കേൽക്കുന്നവർക്കും നിലവിൽ നൽകി വരുന്ന ധനസഹായത്തുക വർദ്ധിപ്പിച്ച നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നഷ്ടപരിഹാരം പരിഷ്കരിക്കുന്ന വിഷയം പരിഗണനയിലാണ്.

**(ബി)** വന്യജീവി ആക്രമണത്തിൽ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നവർക്ക് പെൻഷൻ അനുവദിക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

**(സി)** സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പിന്റെ കൈവശമുള്ള ഭൂമി വനഭൂമിയായും, കർഷകരുടെ കൈവശമുള്ള ഭൂമി കർഷകർക്കവകാശപ്പെട്ട പട്ടയഭൂമി/കൈവശഭൂമിയായും കൃത്യമായി തരംതിരിച്ച് നിലനിർത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വനം വകുപ്പിന്റെ കൈവശമുള്ള ഭൂമിയും റവന്യൂ കൈവശ ഭൂമിയും നിയമപ്രകാരം വേർതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**